REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **നാടിന്റെ പൊതുവായ വികസനം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഉത്തരവാദിത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വയനാട് ചൂരൽമല മുണ്ടക്കൈ ടൗൺഷിപ്പിന് ഗവൺമെന്റ് ഏറ്റെടുത്ത ഭൂമിയിൽ നിർമാണ പ്രവൃത്തി ആരംഭിച്ചു.**
- **നിയമപരമായ ചികിത്സയല്ലാത്ത പ്രവർത്തനങ്ങൾ ആരോഗ്യരംഗത്ത് അനുവദിക്കില്ലെന്ന് മന്ത്രി വീണാ ജോർജ്ജ്.**
- **സ്വർണവിലയിൽ വൻ കുതിപ്പ്. പവന് 70,000 കടന്നു.**
- **ISL ഫുട്ബോളിൽ കിരീടപോരാട്ടം ഇന്ന്. മോഹൻബഗാൻ, ബംഗളൂരു FC യുമായി വൈകിട്ട് ഏഴരയ്ക്ക് ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

നാടിന്റെ പൊതുവായ വികസനം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഉത്തരവാദിത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വടകര ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമാണ ശിലാസ്ഥാപന കർമ്മം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ രംഗത്ത് വലിയമാറ്റം ഉണ്ടായിട്ടുണ്ടെന്നും, എന്നാൽ ആരോഗ്യരംഗത്തെ നേട്ടങ്ങളെ പിന്നാട്ട് നയിക്കുന്ന ചില അശാസ്ത്രീയ പ്രവണതകൾ ഉണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. വാക്സിനേഷൻ വിരുദ്ധ പ്രചാരണവും പ്രസവചികിൽസക്കെതിരായ നീക്കവും ഇതിന്റെ ഭാഗമായാണെന്നും ഇത് സാമുഹ്യ വിരുദ്ധതയാണെന്നും മുഖ്യമന്ത്രി

വ്യക്തമാക്കി. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമിൽ ഉൾപ്പെടുത്തിയാണ് ആശുപത്രി കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമാണം അനുവദിച്ചത്.

✪✪✪

വയനാട് ചൂരൽമല മുണ്ടക്കൈ ടൗൺഷിപ്പിന് ഗവൺമെന്റ് ഏറ്റെടുത്ത ഭൂമിയിൽ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്നലെയാണ് ഹൈക്കോടതിയിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ ഉത്തരവുണ്ടായത്. രാത്രിയോടെ 17 കോടി 77 ലക്ഷം രൂപ കോടതിയിൽ കെട്ടിവെച്ച് തുടർനടപടികൾ പൂർത്തീകരിച്ചാണ് രാവിലെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചത്. തേയിലത്തോട്ടങ്ങളിലെ തേയില പിഴുതുമാറ്റി വീട് പണിയുന്ന സ്ഥലം ഒരുക്കലാണ് ആദ്യഘട്ടം. കഴിഞ്ഞ മാസം മുഖ്യമന്ത്രി ടൗൺഷിപ്പിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചിരുന്നു.

അതേസമയം എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് മതിയായ ആനുകൂല്യങ്ങൾ ലഭിച്ചില്ലെന്ന് ആരോപിച്ച് തൊഴിലാളികൾ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്.

✪✪✪

ഭേദചിന്തകൾ തിരികെ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ നവോത്ഥാന മൂല്യങ്ങൾ നിലനിർത്താൻ ഒരുമിച്ച് പോരാട്ടം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആലപ്പുഴയിൽ KPMS സംസ്ഥാന സമ്മേളനത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളം വേറിട്ട സംസ്ഥാനമായി നിലനിൽക്കുന്നതിന് പ്രധാനകാരണം നവോത്ഥാന മൂല്യങ്ങൾക്ക് പിന്തുടർച്ച ഉണ്ടായതാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. എന്നാൽ പല സംസ്ഥാനങ്ങളിലും മികച്ച രീതിയിൽ നവോത്ഥാനം ഉണ്ടായെങ്കിലും അതെല്ലാം തകർന്ന അവസ്ഥയിലാണെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

പൊതുമേഖലാ സ്ഥാപനമായ KMML ഈ വർഷം ആയിരം കോടി രൂപ വിറ്റുവരവ് കൈവരിച്ചതായി മന്ത്രി P രാജീവ് അറിയിച്ചു. വിറ്റുവരവിൽ സ്ഥാപനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നേട്ടമാണിതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 956 കോടി 24 ലക്ഷം രൂപയായിരുന്നു വിറ്റുവരവ്. എല്ലാ വർഷവും സംസ്ഥാന ഗവൺമെന്റിന്

ലാഭവിഹിതം കൈമാറുന്ന പൊതുമേഖലാ സ്ഥാപനമാണ് KMML എന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഗവൺമെന്റ് ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റും ലാക്റ്റേഷൻ മാനേജ്മെന്റും മന്ത്രി വീണാ ജോർജ് രാവിലെ ഉദ്ഘാടനം ചെയ്തു.

വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഡോ. KB മേനോൻ സ്മാരക കുടുംബാരോഗ്യകേന്ദ്ര കെട്ടിടവും മന്ത്രി ഉച്ചക്ക് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ഷാഫി പറമ്പിൽ MP മുഖ്യാതിഥിയാകും.

✪✪✪

പ്രവാസികളുടെ ഉന്നമനത്തിന് കേന്ദ്ര ഗവൺമെന്റ് തുടർച്ചയായ ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് കേന്ദ്രമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. ഓസ്ട്രിയയിലെ വിയന്നയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. രാജ്യത്തിന്റെ വളർച്ചയിൽ ഓസ്ട്രിയയിലെ ഇന്ത്യൻ പ്രവാസികളുടെ പങ്കിനെ നിർമല സീതാരാമൻ അഭിനന്ദിച്ചു.

✪✪✪

അമേരിക്കയുടെ ഉൽപ്പന്നങ്ങൾക്ക് ചൈന ഏർപ്പെടുത്തിയ 125 ശതമാനം ചുങ്കം ഇന്ന് പ്രാബല്യത്തിൽ വരും. ഈ ആഴ്ച ആദ്യം US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചൈനക്കുമേൽ ചുങ്കം 145 ശതമാനമായി ഉയർത്തിയതിനു പിന്നാലെയാണ് നടപടി. US ന്റെ തുടർ നടപടികൾ അവഗണിക്കുമെന്ന് ചൈനീസ് ധനമന്ത്രാലയം അറിയിച്ചു. നിലവിൽ ചൈനയിലേക്ക് കയറ്റുമതി ചെയ്യുന്ന US ഉത്പന്നങ്ങൾക്ക് വിപണി സ്വീകാര്യത ലഭിക്കാൻ സാധ്യതയില്ലെന്നും, US ന്റെ ഏകപക്ഷീയമായ ഭീഷണിയെ ഒറ്റക്കെട്ടായി ചെറുക്കാൻ ബീജിംഗുമായി യൂറോപ്യൻ യൂണിയൻ കൈ കോർക്കണമെന്ന് ചൈന ആവശ്യപ്പെട്ടു.

✪✪✪

ജമ്മു കശ്മീരിലെ അക്നൂർ സെക്ടറിലെ നിയന്ത്രണരേഖയിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടി. ഒരു സൈനികൻ വീരമൃത്യു വരിച്ചു. ഇന്നലെ രാത്രി വൈകി അതിർത്തി പ്രദേശത്തെ വനമേഖലയോട് ചേർന്ന നിയന്ത്രണരേഖയിൽ ഭീകരരുടെ നുഴഞ്ഞുകയറ്റം തടയുന്നതിനിടെയായിരുന്നു ഏറ്റുമുട്ടൽ. ഭീകരർക്കായി സേനയുടെ തെരച്ചിൽ തുടരുകയാണ്. സ്ഥലത്ത് നിന്ന് വൻ ആയുധശേഖരവും വെടിക്കോപ്പുകളും കണ്ടെടുത്തു.

✪✪✪

ഛത്തീസ്ഗഡിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് മാവോയിസ്റ്റുകളെ വധിച്ചു. ബിജാപൂർ ജില്ലയിലെ ഇന്ദ്രാവതി വനമേഖലയിൽ രാവിലെയാണ് ഏറ്റുമുട്ടലുണ്ടായത്. പ്രദേശത്ത് തിരച്ചിൽ തുടരുകയാണ്.

✪✪✪

നിയമപരമായ ചികിത്സയല്ലാത്ത പ്രവർത്തനങ്ങൾ ആരോഗ്യരംഗത്ത് അനുവദിക്കില്ലെന്ന് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. മലപ്പുറത്ത് വീട്ടിലെ പ്രസവത്തെ തുടർന്ന് യുവതി മരിക്കാനിടയായ സാഹചര്യം ദൗർഭാഗ്യകരമാണെന്നും ഇക്കാര്യത്തിൽ കടുത്ത നടപടി സ്വീകരിക്കുമെന്നും മന്ത്രി കോഴിക്കോട്ട് അറിയിച്ചു. യുവതി ഗർഭിണിയാണെന്ന വിവരം പ്രദേശത്തെ ആശാപ്രവർത്തകരോട് കുടുംബം മറച്ചുവെച്ചെന്നും മന്ത്രി പറഞ്ഞു. ശാസ്ത്രീയമായ ചികിത്സാ സംവിധാനങ്ങൾ തേടാൻ എല്ലാവരും തയ്യാറാകണമെന്നും ഇതിന് നാടൊന്നാകെ ചേർന്ന് പ്രവർത്തിക്കണമന്നും പൊതുബോധമുണരണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്തെ ആദ്യത്തെ അതിദാരിദ്ര്യമുക്ത നിയമസഭ മണ്ഡലമായി കണ്ണൂർ ജില്ലയിലെ ധർമ്മടത്തെ നാളെ പ്രഖ്യാപിക്കും. മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡലമാണ് ധർമ്മടം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

.......വോയ്സ്......

പിണറായി പെരളശ്ശേരി ധർമ്മടം മുഴപ്പിലങ്ങാട് കടമ്പൂർ ചെമ്പിലോട വേങ്ങാട് അഞ്ചരക്കണ്ടി എന്നി 8 പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ് ധർമ്മടം മണ്ഡലം ഈ പഞ്ചായത്തുകൾ എല്ലാം നേരത്തെ തന്നെ അതിദാരിദ്ര്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിരുന്നു നാളെ രാവിലെ 11:30 ന് പിണറായി കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് മണ്ഡലത്തെ അതിദാരിദ്ര്യമുക്ത മണ്ഡലമായി പ്രഖ്യാപിക്കുക. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷനാകും.

എംപിമാരും അത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്മാർ ഉൾപ്പെടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രഖ്യാപന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകി ആവശ്യം എത്രയും പെട്ടെന്ന് നിറവേറ്റുകയാണ് ജനമൈത്രി പൊലീസിന്റെ പ്രധാന കടമയെന്ന് സംസ്ഥാന പൊലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹെബ് പറഞ്ഞു.

കണ്ണൂർ മാങ്ങാട്ടു പറമ്പ് കെ.എ.പി. നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പൊലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഔദ്യോഗിക ജീവിതത്തിലേക്ക് കടക്കുമ്പോൾ ഓർത്തിരിക്കേണ്ടത് മൃതു ഭാവേ ദൃഢ കൃത്യേ എന്ന ആപ്തവാക്യമാണെന്നും അദ്ദേഹം പറഞ്ഞു.

ആകെ 447 പേരാണ് പരിശീലനം പൂർത്തിയാക്കി പരേഡിൽ പങ്കെടുത്തത്.

✪✪✪

സ്വർണവില 70,000 രൂപ കടന്നു. പവന് 200 രൂപ വർധിച്ച് 70,160 രൂപയായി.

✪✪✪

മാസപ്പടി കേസിൽ ബിനോയ് വിശ്വത്തിന് ഉത്കണ്ഠ വേണ്ടെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ബിനോയ് വിശ്വം അഭിപ്രായം പറയേണ്ടിരുന്നത് LDF യോഗത്തിലായിരുന്നു വെന്നും വിഷയം കൈകാര്യം ചെയ്യാൻ മുഖ്യമന്ത്രിയുടെ മകൾക്ക് അറിയാമെന്നും പ്രതിപക്ഷ നേതാവിന്റെ ജോലി ബിനോയ് വിശ്വം ഏറ്റെടുക്കേണ്ടെന്നും ശിവൻകുട്ടി മാധ്യമങ്ങളോട് പറഞ്ഞു.

മുഖ്യമന്ത്രിയുടെ മകളുടെ പേരിലെ മാസപ്പടി കേസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിഷയമല്ലെന്ന് ബിനോയ് വിശ്വം അഭിപ്രായപ്പെട്ടിരുന്നു. പാർട്ടി മുഖ്യമന്ത്രിക്കൊപ്പമാണെന്നും മകൾക്കൊപ്പമല്ലെന്നും ബിനോയ് വിശ്വം പറഞ്ഞതിനെ തുടർന്നാണ് ശിവൻകുട്ടിയുടെ പ്രതികരണം.

✪✪✪

മലപ്പുറം ജില്ലയെ കുറിച്ച് SNDP ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ പ്രസ്താവനയെ മുഖ്യമന്ത്രി ന്യായീകരിച്ചത് ശരിയല്ലെന്ന് മുസ്ലീംലീഗ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. വെറുപ്പിന്റെ രാഷ്ട്രീയം ആര് പറഞ്ഞാലും അംഗീകരിക്കില്ലെന്ന് അദ്ദേഹം കോഴിക്കോട്ട് അറിയിച്ചു. ലീഗിന്റെ മതേതരത്വം വെളിപ്പെടാൻ ആരുടേയും സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്നും കുഞ്ഞാലിക്കുട്ടി മാധ്യമങ്ങളോട് വ്യക്തമാക്കി.

✪✪✪

സെക്രട്ടറിയേറ്റിന് മുന്നിൽ ആശാവർക്കർമാരുടെ രാപ്പകൽ സമരത്തിന്റെ ഭാഗമായി പൗരസാഗരം സംഘടിപ്പിച്ചു. എഴുത്തുകാരി കദീജാ മുംതാസ് ഉദ്ഘാടനം ചെയ്തു. അതിനിടെ ആശമാരുടെ രാപ്പകൽസമരം 62-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 24 -ാം ദിവസത്തിലേക്കുമെത്തി.

✪✪✪

ISL ഫുട്ബോൾ കിരീടപോരാട്ടത്തിൽ ഇന്ന് മോഹൻബഗാൻ, ബംഗളൂരു FC യുമായി ഏറ്റുമുട്ടും. കൊൽക്കത്ത സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

2023 നു ശേഷമാണ് ഇരുടീമുകളും വീണ്ടും ഫൈനലിൽ നേർക്കുനേർ എത്തുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ലക്നൗവിൽ ഉച്ച കഴിഞ്ഞ് മൂന്നരയ്ക്ക് ആദ്യ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

രണ്ടാം മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് ഹൈദരാബാദിൽ പഞ്ചാബ് കിംഗ്സ്, സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും.

✪✪✪

കേരളത്തിൽ ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെയും ആലപ്പുഴ തീരത്ത് നാളെ ഉച്ച വരെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് സർവീസ് അടുത്ത മാസം 11 ന് ആരംഭിക്കും. 4,788 പേരാണ് കണ്ണൂർ വിമാനത്താവളം വഴി ഇത്തവണ ഹജ്ജിന് പോകുന്നത്. മെയ് 11 ന് പുലർച്ചെ നാലിനാണ് ആദ്യ ഹജ്ജ് സർവീസ്. 28 സർവീസാണ് എയർ ഇന്ത്യ എക്സ്പ്രസ് നടത്തുക. 29 ന് രാത്രി ഒന്നിന് അവസാന സർവീസ് പുറപ്പെടും. കഴിഞ്ഞ വർഷം 3,218 പേരാണ് കണ്ണൂർ വിമാനത്താവളം വഴി ഹജ്ജിന് പോയത്.

✪✪✪

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ 40 ഗ്രന്ഥാലയങ്ങൾക്ക് പതിനായിരം രൂപ വീതം വില വരുന്ന പുസ്തകങ്ങൾ നൽകുമെന്ന് E. ചന്ദ്രശേഖരൻ MLA അറിയിച്ചു. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം എഡിഷനോടനുബന്ധിച്ച് MLAമാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും കാഞ്ഞങ്ങാട് മണ്ഡലത്തിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ നൽകുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിരുന്നു.

✪✪✪

മുൻ MLA, പി വി അൻവർ CPIM നോട് നന്ദികേട് കാണിച്ചെന്ന് മുതിർന്ന പാർട്ടിനേതാവ് പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് കാരണക്കാരനായ അൻവറിനോട് ജനങ്ങൾക്ക് അമർഷമുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് അഭിപ്രായപ്പെട്ടു. അൻവറിനെ രണ്ട് തവണ നിലമ്പൂരിൽ MLA സ്ഥാനത്തേക്ക് പരിഗണിച്ചതിൽ CPIMന് തെറ്റ് സംഭവിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

വിഷുക്കാലത്തെ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് ബംഗളുരു SMVT സ്റ്റേഷനിൽ നിന്ന് എറണാകുളം വരെയും തിരിച്ചും ദക്ഷിണ റെയിൽവേ പ്രത്യേക ട്രെയിൻ സർവ്വീസ് ഏർപ്പെടുത്തി. ഇന്ന് വൈകിട്ട് SMVT ബംഗളുരുവിൽ നിന്നും സർവീസ് ആരംഭിക്കും.

✪✪✪

*News Reader & Editor: വി കെ സുരേഷ്,*
*News Team: ഫസ്ന ഫാത്തിമ,രജിന കെ ആസാദ്*
*DEO : സി കെ സുബോധ്*